**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1425** **14-03-2022 - ൽ മറുപടിയ്ക്ക്**

**വസ്തു കരം ഒടുക്കുന്നതിനുള്ള അവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ശ്രീ. ജോൺ ജോസ്, ഉണ്ടത്തിൽ വീട്, ഉണ്ടത്തിൽ, അയിരൂപ്പാറ വില്ലേജ്, തിരുവനന്തപുരം ജില്ല എന്ന വ്യക്തിയുടെ വസ്തുവിന്റെ കരം ഒടുക്കുന്നതിനുള്ള അവകാശം പുനസ്ഥാപിക്കണമെന്ന അപേക്ഷയിൽ റവന്യൂ വകുപ്പ് എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; നടപടികൾ സ്വീകരിക്കുന്നതിലുണ്ടായ കാലതാമസം വിശദമാക്കുമോ; | (എ) | ശ്രീ. ജോൺ ജോസ്, ഉണ്ടത്തിൽ വീട്, ഉണ്ടത്തിൽ, അയിരൂപ്പാറ വില്ലേജ് എന്നിവർ സമർപ്പിച്ച അപേക്ഷ തിരുവനന്തപുരം തഹസിൽദാർ ഭൂരേഖ ഓഫീസിൽ എച്ച് 1-27673/21-ാം നമ്പരായി ഫയലിൽ സ്വീകരിച്ചും 01.11.2021 ൽ ഹെഡ് സർവ്വെയർക്ക് കൈമാറിയിരുന്നതും ആകുന്നു. 2020 മുതൽ കോവിഡ് 19 രൂക്ഷമായിരുന്നതിനാൽ ഫീൽഡിൽ അളവു നടപടികൾക്ക് പോകാൻ കഴിയാതെയിരുന്നതും മുൻപിന്നാലെയുള്ള കൂടുതൽ ഫയലുകൾ പരിശോധിക്കാനുണ്ടായിരുന്നതും ഫയലിന്മേൽ സ്ഥലം പരിശോധിക്കുന്നതിന് കാലതാമസം വന്നത് എന്നും തിരുവനന്തപുരം ഭൂരേഖ തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ടി ഫയൽ അടിയന്തിരമായി പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനും തിരുവനന്തപുരം ഹെഡ് സർവ്വേയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ശ്രീ. ജോൺ ജോസിന്റെ അപേക്ഷ അയിരൂപ്പാറ വില്ലേജ് ഓഫീസിൽ വാങ്ങിവച്ച ശേഷം 9 മാസം ഒരു നടപടിയും സ്വീകരിക്കാതെ 2021 ഓഗസ്റ്റിൽ ഫയൽ നമ്പരിട്ട് തിരുവനന്തപുരം താലൂക്ക് ഓഫീസിൽ സമർപ്പിച്ച അപേക്ഷയിൽ താലൂക്ക് സർവ്വേയർ ഒരു നടപടിയും സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | ശ്രീ. ജോൺ ജോസ്, ഉണ്ടത്തിൽ വീട്, ഉണ്ടത്തിൽ, അയിരൂപ്പാറ വില്ലേജ് എന്നിവർ സമർപ്പിച്ച അപേക്ഷ തിരുവനന്തപുരം തഹസിൽദാർ ഭൂരേഖ ഓഫീസിൽ എച്ച് 1-27673/21-ാം നമ്പരായി ഫയലിൽ സ്വീകരിച്ചും 01.11.2021 ൽ ഹെഡ് സർവ്വെയർക്ക് കൈമാറിയിരുന്നതും ആകുന്നു. 2020 മുതൽ കോവിഡ് 19 രൂക്ഷമായിരുന്നതിനാൽ ഫീൽഡിൽ അളവു നടപടികൾക്ക് പോകാൻ കഴിയാതെയിരുന്നതും മുൻപിന്നാലെയുള്ള കൂടുതൽ ഫയലുകൾ പരിശോധിക്കാനുണ്ടായിരുന്നതും ഫയലിന്മേൽ സ്ഥലം പരിശോധിക്കുന്നതിന് കാലതാമസം വന്നത് എന്നും തിരുവനന്തപുരം ഭൂരേഖ തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ടി ഫയൽ അടിയന്തിരമായി പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനും തിരുവനന്തപുരം ഹെഡ് |

| | | | |
|---|---|---|---|
| | | | സർവ്വേയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ നമ്പർ എച്ച്1/27673/21 പ്രകാരം താലൂക്ക് സർവ്വേയർ സ്ഥല പരിശോധന നടത്തിയിട്ടുണ്ടോ; ഈ ഫയലിൽ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചതായി പ്രസ്തുത വ്യക്തിയെ അറിയിച്ചിട്ടുണ്ടോ; ഈ അപേക്ഷകന്റെ കൈവശഭൂമിക്ക് കരം തീർത്ത് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (സി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട എച്ച്1-27673/21 നമ്പർ ഫയലിൽ സർവ്വെയർ കക്ഷിയെ രേഖാമൂലം അറിയിച്ചിട്ടില്ലാത്തതും ആയത് അടിയന്തിരമായി പരിശോധിക്കുന്നതിന് അപേക്ഷ കക്ഷിക്ക് നോട്ടീസ് നൽകി സ്ഥലം അളക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് തിരുവനന്തപുരം ഭൂരേഖ തഹസിൽദാർ അറിയിച്ചിട്ടുണ്ടെന്നും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | 2020 നവംബറിൽ അയിരൂപ്പാറ വില്ലേജിൽ കൊടുത്ത അപേക്ഷ ഫയൽ നമ്പറിടാതെ മനപ്പൂർവ്വം കാലതാമസം വരുത്തി 9 മാസം കഴിഞ്ഞ് ഫയൽ നമ്പറിട്ട് താലൂക്ക് ഓഫീസിൽ നൽകി 15 മാസമായിട്ടും നടപടികൾ പൂർത്തിയാകാതെ ബുദ്ധിമുട്ട് അനുഭവിക്കുന്ന പ്രസ്തുത വ്യക്തിയുടെ അപേക്ഷയിന്മേൽ തീർപ്പുകൽപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | ഹെഡ് സർവ്വെയർ, സർവ്വെയർ എന്നിവരിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കി അടിയന്തിര നടപടി സ്വീകരിക്കുന്നതാണ് എന്ന് തിരുവനന്തപുരം ഭൂരേഖ തഹസിൽദാർ അറിയിച്ചിട്ടുള്ളതായി ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ കാര്യത്തിൽ മനപൂർവ്വമായ കാലതാമസം വരുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ